ഉത്തരം

(എ) ബെള്ളൂർ, ബേഡഡുക്ക, കയ്യൂർ-ചീമേനി, മീഞ്ച, നീലേശ്വരം, ചെമ്മനാട്, ചെങ്കള, ചെറുവത്തൂർ, കിനാനൂർ-കരിന്തളം, കുംപടാജെ, കുമ്പള, കുറ്റിക്കോൽ, മടിക്കൈ, പീലിക്കോട്, തൃക്കരിപ്പൂർ, ഉദുമ, വലിയപറമ്പ എന്നീ പഞ്ചായത്തുകളിലാണ് കാസർഗോഡ് ജില്ലയിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ബെള്ളൂർ, മീഞ്ച, ചെമ്മനാട്, ചെങ്കള, കുംപടാജെ, കുമ്പള, തൃക്കരിപ്പൂർ, വലിയപറംപ എന്നീ പഞ്ചായത്തുകളിൽ യു.ഡി.എഫ്. ഭരണ സമിതികളും ബേഡഡുക്ക, കയ്യൂർ-ചീമേനി, നീലേശ്വരം, ചെറുവത്തൂർ, കിനാനൂർ-കരിന്തളം, കുറ്റിക്കോൽ, മടിക്കൈ, പീലിക്കോട്, ഉദുമ എന്നീ പഞ്ചായത്തുകളിൽ എൽ.ഡി.എഫ്. ഭരണസമിതികളുമാണ് നിലവിലുള്ളത്.

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

32 (1717) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ക്രമമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉയർന്ന പ്രദേശങ്ങളിലും ഉപ്പുവെള്ള ഭീഷണിയുള്ള സ്ഥലങ്ങളിലും കുടിവെള്ള പ്രശ്നം വർഷകാലത്തും വേനൽകാലത്തും ഒരേപോലെ പഞ്ചായത്തിൽ രൂക്ഷമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വെള്ളാങ്ങല്ലൂർ ഉൾപ്പെടെ സമീപത്തുള്ള ആറുപഞ്ചായത്തുകൾക്കും കൂടി മാള സമഗ്ര ശുദ്ധജലവിതരണ പദ്ധതി വഴിയായി ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. ഉപഭോഗം കൂടുതലായതിനാൽ ഒന്നിടവിട്ട ദിവസങ്ങളിലാണ് ശുദ്ധജല വിതരണം നടത്തി വരുന്നത്. ശുദ്ധജലവിതരണം കാര്യക്ഷമമാക്കാൻ പുതിയ പമ്പിംഗ് മെയിനും മോട്ടറുകളും സ്ഥാപിക്കാൻ 128 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഇപ്പോഴത്തെ ജല ദൗർലഭ്യത്തിന് ശാശ്വതപരിഹാരം ഉണ്ടാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly